പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ.*138 — 04-12-2015 ൽ മറുപടിക്ക്

## കർഷകരുടെ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;വ്യക്തമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ കർഷകരെക്കുറിച്ചും അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാവേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് ഈ പദ്ധതി നടപ്പിലാക്കിയത്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് : വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ എല്ലാ കർഷകരെക്കുറിച്ചും അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കി പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും ഈ ഡേറ്റാബേസ് ഉപയോഗിക്കുവാനാണ് ലക്ഷ്യമിടുന്നത്. കർഷക ഡേറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതുകൂടി കണക്കിലെടുത്ത് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. രജിസ്റ്റർ ചെയ്ത കർഷകർക്ക് അഗ്രികാർഡ് വിതരണം ചെയ്തു വരുന്നു. അഗ്രികാർഡ് എ.റ്റി.എം കാർഡായും കിസാൻ ക്രെഡിറ്റ് കാർഡായും ഉപയോഗിക്കാവുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| | രജിസ്ട്രേഷനുവേണ്ടി കൃഷിഭവനിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾ കർഷകർ പൂരിപ്പിച്ച് കൃഷിഭവനുകളിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുകയും, അവിടെ വച്ച് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുകയും ചെയ്യുന്നു.<br><br>ഇങ്ങനെ 18.7 ലക്ഷം അപേക്ഷകൾ ലഭിക്കുകയും അതിൽ 17.58 ലക്ഷം അപേക്ഷകൾ ഓൺലൈനായി ഡേറ്റാ ബേസിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ആധാർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ